بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 22-12-2023 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## ഉഹുദ് യുദ്ധത്തിലെ സംഭവവികാസങ്ങളുടെ പരാമർശവും നിഷ്കളങ്കരായ ഫലസ്തീനുകാർക്ക് വേണ്ടി ദുആക്കുള്ള ആഹ്വാനവും

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ﴿۲﴾ الرَّحۡمٰنِ الرَّحِيۡمِ ۙ﴿۳﴾ مٰلِكِ يَوۡمِ الدِّيۡنِ ؕ﴿۴﴾ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ﴿۵﴾

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ﴿۶﴾ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ۬ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَ لَا الضَّآلِّيۡنَ ﴿۷﴾

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ തിരുമനസ്സ് അയ്യദഹുല്ലാഹ് പറഞ്ഞു:

കഴിഞ്ഞ കുറച്ചു ഖുതുബകളിലായി ഉഹുദ് യുദ്ധത്തെ കുറിച്ചുള്ള വിവരണങ്ങളാണ് നടന്നുവരുന്നത്. മുസ്‌ലീങ്ങൾക്ക് ആ യുദ്ധത്തിൽ സത്യനിഷേധികളെ പരാജയപ്പെടുത്താനും തുരത്തി ഓടിക്കാനും സാധിച്ചിരുന്നു. തിരുനബി(സ)യുടെ കർശനമായ കല്പന അവഗണിച്ച് ചുരത്തിൽ കാവൽ നിർത്തിയിരുന്ന പടയാളികളിൽ ഭൂരിഭാഗവും അവിടം വിട്ടുപോയപ്പോൾ തക്കംപാർത്തിരുന്ന ശത്രുക്കൾ ആ ഭാഗത്തുനിന്ന് കടന്നാക്രമണം നടത്തുകയും മുസ്‌ലീങ്ങൾക്ക് കനത്ത നഷ്ടം വരുത്തി വെക്കുകയും ചെയ്തു.

കൂടുതൽ വിശദാംശങ്ങൾ ഇപ്രകാരമാണ്. വിഗ്രഹാരാധകരുടെ ധ്വജവാഹകർ ഓരോരുത്തരായി മരിച്ച വീണപ്പോൾ അവർ യുദ്ധം മൈതാനത്തിൽ നിന്നും പുറം തിരിഞ്ഞ് ഓടാൻ തുടങ്ങി. സത്യനിഷേധികൾ പിന്തിരിഞ്ഞു ഓടുന്നത് കണ്ടപ്പോൾ മുസ്‌ലീങ്ങൾ അവരെ പിന്തുടരുന്നതിലും യുദ്ധം മുതൽ സ്വരുക്കൂട്ടുന്നതിലു ം വ്യാപൃതരായി. അതേസമയം തിരുനബി(സ) ഒരു കാരണവശാലും തങ്ങളുടെ സ്ഥാനത്ത് നിന്നും നീങ്ങിപ്പോകരുതെന്ന് ശട്ടംകെട്ടിയിട്ടു കൂടി മലയിടുക്കിൽ വിന്യസിക്കപ്പെട്ട വില്ലാളിവീരന്മാരുടെ സൈന്യം യുദ്ധം മുതൽ സമാഹരിക്കുന്നതിനായി അവിടം വിട്ടോടി എന്നാണ് പറയപ്പെടുന്നത്. തിരുനബി(സ)നാൽ നിയുക്തനായ അവരുടെ അമീർ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബൈർ(റ) അവരെ വിലക്കിയിട്ടുംഅവർ ചെവിക്കൊണ്ടില്ല. അവസാനം പത്തിൽ കുറഞ്ഞ സഹാബാക്കൾ മാത്രമേ അദ്ദേഹത്തോടൊപ്പം അവിടെ അവശേഷിച്ചിരുന്നുള്ളൂ.

യുദ്ധമുതൽ സ്വരൂപിക്കാൻ ആയിരുന്നു സഹാബാക്കൾ ചുരംവിട്ട് ഓടിയത് എന്നാണ് മിക്ക ചരിത്രകാരന്മാരും ഹദീസുസമാഹാർത്താക്കളും എഴുതിയിട്ടുള്ളത്. അതുപോലെതന്നെ സൂറഃആലു ഇമ്രാനിലെ 153ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ മുഫസ്സിരീങ്ങളും എഴുതിയിരിക്കുന്നത് ആ സഹാബാക്കൾ യുദ്ധമുതൽ കരസ്ഥമാക്കാൻ ഉള്ള വ്യഗ്രതയിൽ ആയിരുന്നു എന്നാണ്. എന്നാൽ ഭൗതികേച്ഛ കാരണം ചുരംവിട്ടോടി എന്ന് സഹാബാക്കളെകുറിച്ച് വിശ്വസിക്കാൻ പ്രയാസമാണ്. യുദ്ധമുതൽ നേടാൻ ബദ്ധപ്പെട്ടിരുന്നു എന്ന് സഹാബാക്കളെകുറിച്ച് പറയുന്നതും ചിന്തിക്കുന്നതും അവരുടെ അന്തസ്സിന് നിരക്കാത്തതാണ്. അവർ തങ്ങളുടെ ഭാര്യാമക്കളേയും സ്വത്ത്വകകളേയും എന്നല്ല തങ്ങളുടെ ജീവനെപ്പോലും തിരുനബി(സ)ക്ക് വേണ്ടി ത്യജിച്ചവരായിരുന്നു. യുദ്ധത്തിൽ വിജയം ലഭിക്കുമ്പോൾ യുദ്ധമുതൽ ആർജിച്ചിരുന്നു എന്നത് വേറെക്കാര്യം. വെറും യുദ്ധമുതൽ ആയിരുന്നു സഹാബാക്കളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്ന് നിനക്കാവതല്ല. മുസ്‌ലീങ്ങൾ പ്രകടമായ യുദ്ധവിജയം ലഭിച്ചതും മറ്റു മുസ്‌ലീങ്ങൾ സത്യനിഷേധികളെ തുരുത്തി ഓടിക്കുന്നതും കണ്ടപ്പോൾ യുദ്ധവിജയത്തിന്റെ ആഘോഷത്തിൽ അണിചേരാൻ ചുരത്തിൽ വിന്യസിക്കപ്പെട്ട സഹാബാക്കൾ വെമ്പൽ കൊണ്ടെന്നിരിക്കാം. തങ്ങളുടെ സഹോദരന്മാർ ജിഹാദിൽ നേരിട്ട് പങ്കെടുക്കുകയും തങ്ങൾ ഇവിടെ ചുരത്തിൽ വെറുതെ നിൽക്കുകയും ആണല്ലോ ചെയ്യുന്നത് എന്നും ചിലപ്പോൾ അവർ കരുതിയേക്കാം. അതുകൊണ്ട് യുദ്ധത്തിന്റെ അവസാന നിമിഷത്തിൽ പ്രാവർത്തികരൂപത്തിൽ ജിഹാദിൽ പങ്കുചേരാനും യുദ്ധവിജയം കൊണ്ടാടാനും ചുരംവിട്ട് അവർ യുദ്ധമൈതാനത്തേക്ക് ഓടിപ്പോയതാകാം .

സൂറഃആലു ഇമ്രാനിലെ 153ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇപ്രകാരം ഒരു കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. യുദ്ധത്തിൽ തങ്ങളും നേരിട്ട് പങ്കെടുക്കണം എന്നായിരുന്നു യഥാർഥത്തിൽ മലമ്പാതയിൽ വിന്യസിക്കപ്പെട്ട സഹാബാക്കൾ ആഗ്രഹിച്ചിരുന്നത്. ഒരു കണക്കിന് അതും ഭൗതികമായ ആഗ്രഹം തന്നെയായിരുന്നു. തങ്ങൾ യുദ്ധത്തിൽ നേരിട്ട് പങ്കെടുത്തില്ല എന്ന ധാരണയിലായിരുന്നു അവർ. എന്നാൽ തിരുനബി(സ)യെ അനുസരിക്കാനായിരുന്നു അവർ കല്പിക്കപ്പെട്ടിരുന്നത്. അല്ലാഹു പറഞ്ഞത്, നിങ്ങളുടെ നേതാവും കൂട്ടരും പരലോകമാണ് കാംക്ഷിക്കുന്നത്. ആ മഹാത്മാവ് ചിന്തിച്ചത് പരിണാമത്തെയും ഭവിഷ്യത്തിനെയും ക്കുറിച്ചായിരുന്നു. എന്നാൽ നിങ്ങളുടെ ദൃഷ്ടി വളരെ ഉപരിപ്ലവമായ നിലയിലുള്ളതാണ്. ഈ വിവക്ഷ സഹാബാക്കളുടെ അന്തസ്സിന് ചേർന്നതാണ്. അവരുടെ

പ്രവർത്തനങ്ങളിൽ നിന്നും ത്യാഗങ്ങളിൽ നിന്നും വെളിപ്പെടുന്നതും അപ്രകാരംതന്നെയാണ്.

ഹദ്റത്ത് ഖലീഫത്തുൽ നാലാമൻ പറയുന്നു, ഇവിടെ ദുനിയാവ് അഥവാ ലൗകികത എന്നതുകൊണ്ട് പിടിച്ചുപറിയും യുദ്ധം മുതൽ വാരിക്കൂട്ടലുമാണ് ജനങ്ങൾ മനസ്സിലാക്കുന്നത്. അത് ശരിയല്ല. അവർ താൽക്കാലിക വിജയത്തെ ആയിരുന്നു ഉറ്റുനോക്കിയിരുന്നത്. ദുനിയാവ് എന്നതുകൊണ്ടുള്ള ഉദ്ദേശം ആദ്യം ലഭിച്ച വിജയം ആണ്. അവരുടെ ദൃഷ്ടി അതിലേക്കായിരുന്നു. എന്നാൽ അബ്ദുല്ലാഹിബ്നു ജുബൈറിന്റെ ദൃഷ്ടി ആഖിറത്ത് അഥവാ പരലോകത്തിലേക്ക് ആയിരുന്നു. തിരുനബി(സ)യെ അനുസരിച്ച്കൊണ്ട് ഏറ്റവും ഉദാത്തമായ വിജയം നേടുന്നതിലേക്കായിരുന്നു അദ്ദേഹത്തിന്റെ ദൃഷ്ടി ഉണ്ടായിരുന്നത്.

ഏതായാലും അവർ നിയുക്തസ്ഥാനം വിട്ടോടി. അബ്ദുല്ലാഹിബ്നു ജുബൈർ(റ) തന്റെ ഏതാനും കൂട്ടുകാരോടൊപ്പം അവിടെ ബാക്കിയായി. പിന്തിരിഞ്ഞോടിയ മക്കയിലെ സത്യനിഷേധികളുടെ സൈന്യത്തിൽ ഖാലിദിബ്നു വലീദും(റ) ഉണ്ടായിരുന്നു. അദ്ദേഹം അപ്പോൾ വിശ്വാസം കൈക്കൊണ്ടിരുന്നില്ല. അദ്ദേഹം ആ മലയിടുക്ക് കാലിയായത് കണ്ടപ്പോൾ ഇക്കിരിമ ബിൻ അബിജഹലിന്റെ(റ) കൂടെ കുതിരപ്പടയുമായി അവിടേക്ക് കടന്നാക്രമണം നടത്തി. അവരുടെ ആക്രമണം എത്രത്തോളം തീവ്രവും അതിശക്തവുമായിരുന്നു എന്നാൽ ഒറ്റയടിക്ക് അവിടെയുണ്ടായിരുന്ന എല്ലാ സഹാബികളും ശഹീദായി. യുദ്ധമൈതാനത്ത് യുദ്ധമുതൽ ശേഖരിക്കുകയും ശത്രുക്കളെ ബന്ദികൾ ആക്കുകയും ചെയ്യുന്നതിൽ വ്യാപൃതരായിരുന്ന മുസ്‌ലീങ്ങൾ പൊടുന്നനെ ഉള്ള ഈ ആക്രമണത്തിൽ ഭയവിഹ്വലരാകുകയും ചിന്നിച്ചിതറുകയും ചെയ്തു. അങ്ങനെ പെട്ടെന്ന് യുദ്ധം മക്കാനിഷേധികൾക്ക് അനുകൂലമായി ഭവിച്ചു. അവരിൽ പിന്തിരിഞ്ഞോടിയിരുന്നവരും പുതിയ യുദ്ധഗതി കണ്ടു മടങ്ങിവരികയും അങ്ങനെ മുസ്‌ലീങ്ങളെ മുമ്പിൽ നിന്നും പിമ്പിൽ നിന്നും നിഷേധികൾ വളയുകയും ചെയ്തു. മുസ്‌ലീങ്ങളുടെ സൈനികക്രമീകരണം ശിഥിലമാവുകയും യുദ്ധമുതലുകളൊക്കെ അവർ വലിച്ചെറിയുകയും ചെയ്തു. ഈ യുദ്ധത്തിൽ ഹദ്റത്ത് ഹംസ ശഹാദത്ത് വരിക്കുകയുണ്ടായി. അദ്ദേഹം രണ്ടുവാളുകളുമേന്തി തിരുനബി(സ)യുടെ മുമ്പിലായി പട വെട്ടുകയായിരുന്നു. അദ്ദേഹം സധൈര്യം മുന്നോട്ടും പിന്നോട്ടും മാറിമാറി യുദ്ധം ചെയ്തുകൊണ്ടിരുന്നു. ആയിടെ പെട്ടെന്ന് അദ്ദേഹം കാലിടറിവീഴുകയും വഹ്ശി എന്ന വ്യക്തി അദ്ദേഹത്തെ കുന്തം എറിഞ്ഞ് ശഹീദ് ആക്കുകയും ചെയ്തു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു, ഹദ്റത്ത് ഹംസ(റ)യുടെ ശഹാദത്ത് തിരുനബി(സ)ക്ക് വലിയ ആഘാതം സൃഷ്ടിച്ചു. നിവേദനങ്ങളിൽ വന്നിരിക്കുന്നത് തായിഫ് യുദ്ധത്തിനുശേഷം ഹദ്റത്ത് ഹംസ(റ)യുടെ ഘാതകൻ തിരുനബി(സ)യുടെ സമക്ഷം വന്നപ്പോൾ ആ മഹാത്മാവ് അയാൾക്ക് മാപ്പു കൊടുത്തെങ്കിലും ഹംസയോടുള്ള സ്നേഹം മാനിച്ചുകൊണ്ട് വഹ്ശിയോട് ഒരിക്കലും തന്റെ കൺമുന്നിൽ വരരുത് എന്ന് കൽപ്പിക്കുകയുണ്ടായി. തിരുനബി(സ)യുടെ പിതൃവ്യനെ വധിച്ച അതേ കൈകൊണ്ട് ഇസ്‌ലാമിന്റെ ഏതെങ്കിലും കൊടിയ ശത്രുവിനെ വധിക്കുന്നത് വരെ താൻ അടങ്ങിയിരിക്കുകയില്ല എന്ന് ആ സമയത്ത് വഹ്ശി ഇപ്രകാരം ശപഥം ചെയ്തു. ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഒരു യുദ്ധത്തിൽ അയാൾ യമാമയിലെ വ്യാജനുബുവ്വത്ത്വാദിയായ മുസൈലിമ കദ്ദാബിനെ വധിച്ചുകൊണ്ട് അയാൾ ആ ശപഥം നിറവേറ്റുകയുണ്ടായി.

ഹദ്റത്ത് ഹംസ(റ)യുടെ മൃതദേഹം വളരെയധികം വികൃതമാക്കപ്പെട്ടിരുന്നു. ഹൃദയം നൊമ്പരം ഉളവാക്കുന്ന ആ കാഴ്ച കണ്ട് തിരുനബി(സ) ആകെ പരിഭ്രമിച്ചു. ഹദ്റത്ത് ഹംസ(റ)യുടെ സഹോദരി വളരെ ശക്തയായ വനിതയായിരുന്നു. അവർ യുദ്ധവസാനം യുദ്ധമൈതാനത്തിലേക്ക് ധൃതിപ്പെട്ട് വരികയുണ്ടായി. ശത്രുക്കളാൽ വികൃതമാക്കപ്പെട്ട മുസ്‌ലീങ്ങളുടെ മൃതദേഹങ്ങളുടെ അടുത്തേക്ക് എത്താറായപ്പോൾ ആ ദയനീയമായ ദൃശ്യം ഒരു വനിതയും കാണരുതെന്ന് തിരുനബി(സ) കൽപ്പിച്ചതിനാൽ സഹാബാക്കൾ അവരെ തടയാൻ ശ്രമിച്ചെങ്കിലും അവർ കൂട്ടാക്കിയില്ല. അവസാനം അക്കാര്യം തിരുനബി(സ)ക്ക് അറിയാൻ ഇട വന്നപ്പോൾ തിരുനബി(സ) അവരെ വിലക്കുകയും അവരതിൽ നിന്നും പിന്മാറുകയും ചെയ്തു. എന്നാൽ അവർ താൻ രണ്ട് തുണിശീലകൾ കാണിച്ചുകൊണ്ട് പറഞ്ഞു, എൻറെ സഹോദരൻ ഹംസ ശഹീദായി എന്ന വിവരം അറിഞ്ഞപ്പോൾ അദ്ദേഹത്തിനായി കൊണ്ടുവന്നതാണ്. അതുകൊണ്ട് തന്റെ സഹോദരനെ കാണാൻ തനിക്ക് അനുവാദം നൽകണമെന്ന് അവർ തിരുനബിയോട് അഭ്യർത്ഥിച്ചു. അങ്ങനെ തിരുനബി(സ)യുടെ അനുമതിപ്രകാരം അവർ തന്റെ സഹോദരൻറെ വികൃതമാക്കപ്പെട്ട മൃതദേഹം കാണുകയുണ്ടായി. അവർ വികാരഭരിതയാകുകയും അവരുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകുകയുംചെയ്തു.

ഹുസൂർ തിരുമനസ്സ് ഈ യുദ്ധത്തിന്റെ വിശദാംശങ്ങൾ ഇൻശാ അള്ളാ പിന്നീട് വിവരിക്കുന്നതാണെന്ന് പറഞ്ഞുകൊണ്ട് ഫലസ്തീനുകാർക്ക് വേണ്ടി ദുആക്ക് ആഹ്വാനം ചെയ്തു. പറഞ്ഞു, ദുആ ചെയ്തു കൊണ്ടിരിക്കുക. അനീതിക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കാൻ അല്ലാഹു ലോകത്തിന് തൗഫീഖ് നല്കുമാറാകട്ടെ. മുമ്പത്തേക്കാൾ കൂടുതൽ ശക്തമായ ശബ്ദങ്ങൾ ഉയർന്നു വരുന്നുണ്ട്. അനീതിയും അക്രമവും നടക്കുന്നു എന്ന് പലരും പറഞ്ഞു തുടങ്ങിയിരിക്കുന്നു. എന്നാൽ എല്ലാവരും ഇസ്രായേലി ഭരണകൂടത്തെ ഭയക്കുന്നു അല്ലെങ്കിൽ പാശ്ചാത്യലോകത്തിന് മുസ്ലിങ്ങളോട് പ്രകൃതിയാൽ ഉള്ള വിരോധവും വെറുപ്പും കാരണത്താൽ മുസ്ലീങ്ങൾക്കും മേലുള്ള അതിക്രമങ്ങൾ

അവസാനിക്കരുതെന്നോ അല്ലെങ്കിൽ അതിനെതിരെ വേണ്ടവിധം പരിശ്രമങ്ങൾ നടക്കരുതെന്നോ എന്ന് അവർ ആഗ്രഹിക്കുന്നു എന്നാണ് മനസ്സിലാകുന്നത്. നിരപരാധികളായ സ്ത്രീകളും കുട്ടികളും വൃദ്ധരുമാണ് അക്രമങ്ങൾക്ക് ഇരയാകുന്നതെന്ന് അവർ മനസ്സിലാക്കുന്നില്ല. അവരിൽ നമുക്ക് അത്രത്തോളം വിശ്വാസം അർപ്പിക്കാൻ കഴിയില്ലെങ്കിൽ പോലും അവരെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. ദുആയും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. മുസ്‌ലിം രാഷ്ട്രങ്ങൾക്കും അല്ലാഹു ആർജവം നല്കുമാറാകട്ടെ. അവർ കൂടുതൽ ശക്തമായി ശബ്ദമുയർത്തുമാറാകട്ടെ. വേണ്ടവിധം ഒത്തൊരുമിച്ച് ഈ അനീതിക്കെതിരെ ശബ്ദമുയർത്തുന്നവരും അത് അവസാനിപ്പിക്കാൻ ശ്രമിക്കുന്നവരും ആയി അവർ മാറട്ടെ.

തുടർന്ന് ഹുസൂർ തിരുമനസ് രണ്ട് ജനാസ ഗായിബ് നമസ്കാരത്തെ കുറിച്ച് വിളംബരപ്പെടുത്തുകയും മർഹൂമീങ്ങളെ അനുസ്മരിക്കുകയും ചെയ്തു. അതിലൊന്ന് ഗസ്സയിൽ ഉള്ള ബഹുമാനപ്പെട്ട ശൈഖ് അഹ്‌മദ് ഹുസൈൻ അബുസർദാനാ സാഹിബ് ആയിരുന്നു. അദ്ദേഹം ഇസ്രായേൽ ബോംബ് ആക്രമണത്തിൽ ഗസ്സയിൽ ശഹീദായ ആദ്യഅഹ്‌മദി ആണ്. ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ. ഏകദേശം 94 വയസ്സ് പ്രായം ഉണ്ടായിരുന്നു. അസ്ഹർ യൂണിവേഴ്സിറ്റി ബിരുദധാരിയായ പണ്ഡിതനായിരുന്നു. ദൈവഹിത പ്രകാരം 1970ൽ മർഹൂം ബൈയത്ത് ചെയ്ത് അഹ്‌മദീയ്യത്തിൽ പ്രവേശിച്ചു. മർഹൂം ജനപ്രിയനും ഖിലാഫത്തിനോട് അനുരക്തിയുള്ളവനുമായിരുന്നു. വിശുദ്ധ ഖുർആനോട് സ്നേഹമുള്ള ആത്മാർത്ഥനായ അഹ്‌മദിയായിരുന്നു. സന്താനരഹിതനായിരുന്നു. അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ രണ്ടാം ഭാര്യക്കും പ്രസ്തുത ആക്രമണത്തിൽ പരിക്കേറ്റിട്ടുണ്ട്. അല്ലാഹു അവർക്ക് പെട്ടെന്ന് പൂർണസൗഖ്യം നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അല്ലാഹു ഫലസ്തീനുകാർക്ക് വേണ്ടിയുള്ള അദ്ദേഹത്തിന്റെ ദുആകൾ സ്വീകരിക്കുമാറാകട്ടെ. അവിടെ ക്രമസമാധാനം പുനസ്ഥാപിക്കുമാറാകട്ടെ. അവിടെയുള്ള ജനങ്ങൾക്ക് വാഗ്ദത്ത മസീഹിനെ വിശ്വസിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ കെനിയയിലെ ബഹുമാനപ്പെട്ട ഉസ്മാൻ അഹമ്മദ് ഗാക്കോരിയ സാഹിബിന്റെതായിരുന്നു. കഴിഞ്ഞ ദിവസമാണ് അദ്ദേഹം വഫാത്തായത്. ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ. മർഹൂം സുദീർഘകാലമായി അതായത് ദശകങ്ങളോളം ജമാഅത്തിന്റെ സേവനം ചെയ്തുവരികയായിരുന്നു. ഒരുപാട് ജമാഅത്ത് ഗ്രന്ഥങ്ങൾ സ്വാഹിലി ഭാഷയിൽ തർജമചെയ്തിട്ടുണ്ട്. ഉന്നത ധാർമികഗുണങ്ങൾ ഉള്ള ആദർശധീരനായ വ്യക്തിയായിരുന്നു. തഹജ്ജുദ് നിത്യശീലമുള്ള ചന്ദകൾ കൃത്യമായി നല്കുന്ന ആളായിരുന്നു. അതിഥിസൽക്കാരപ്രിയനായ ഒരു പുണ്യാത്മാവ് ആയിരുന്നു. മർഹൂമിന്റെ എല്ലാ മക്കളും ഏതെങ്കിലും ഒക്കെ നിലക്ക് ജമാഅത്തിന് സേവന മനുഷ്ഠിച്ചുവരുന്നുണ്ട്. ഹുസൂർ തിരുമനസ് മർഹൂമീങ്ങൾക്ക് അല്ലാഹു മഗ്ഫിറത്തും ഉന്നത പദവിയും നല്കുന്നതിന് വേണ്ടി ദുആചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَ نُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَ مَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَ نَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَ نَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَ لَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 22-12-2023
Malayalam Translation: **Moulavi Amnas Ahmad.P.K** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516